# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 736 — 11.03.2015-ൽ മറുപടിക്ക്

### വന്ധ്യതാ ചികിത്സ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | വന്ധ്യതാ ചികിത്സയുമായി ബന്ധപ്പെട്ട് സർക്കാർ ആശുപത്രികളുടെ കുറവും സ്വകാര്യ ആശുപത്രികൾ ചൂഷണം ചെയ്യുന്ന ദുസ്ഥിതിയും ഭാരിച്ച ചികിത്സാ ചെലവും നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഇതിന് പരിഹാരമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ ; | (ബി) | എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ള സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിൽ വന്ധ്യതാ ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള വന്ധ്യതാ ക്ലിനിക്കുകളെ ശക്തിപ്പെടുത്തുന്നതിനും, പുതിയ ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | നടപ്പു ബജറ്റിൽ എത്ര തുക ഈ പ്രവർത്തനത്തിനായി വകയിരുത്തിയിട്ടുണ്ടെന്നറിയിക്കുമോ ; പ്രസ്തുത തുക ചെലവഴിച്ചിട്ടുള്ള വിവരം ഇനം തിരിച്ച് വിശദമാക്കുമോ ? | (സി) | തൈക്കാട് സ്ത്രീകളുടെയും, കുട്ടികളുടെയും ആശുപത്രിയിൽ വന്ധ്യതാ ക്ലിനിക്കിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 18.08.2014-ലെ ജി.ഒ.(ആർ.ടി) നം. 2811/2014/ആ.കു.വ. എന്ന സർക്കാർ ഉത്തരവ് പ്രകാരം 195 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 25.03.2013 -ലെ ജി.ഒ.(ആർ.ടി) നം.1070/2013/ആ.കു.വ. പ്രകാരം മൂന്ന് നില കെട്ടിടം നിർമ്മിക്കുന്നതിന് അനുവദിച്ച 375.75 ലക്ഷം രൂപയുടെ തുടർച്ചയായാണ് ടി തുക അനുവദിച്ചിട്ടുള്ളത്. ടി ക്ലിനിക്കിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് നടപ്പുവർഷം 24 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ള വന്ധ്യതാ ക്ലിനിക്കുകളുടെ ഉന്നമനത്തിനായി 10 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു. |

൪

സെക്ഷൻ ഓഫീസർ